അട്ടപ്പാടി മേഖലയിലെ കാറ്റാടിപ്പാടങ്ങൾ

46(2084) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിൽ സ്ഥാപിച്ചിട്ടുള്ള കാറ്റാടിപ്പാടങ്ങൾ എത്ര ; ഇതു വഴി എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത്; പാടങ്ങൾ സ്ഥാപിച്ചത് എന്നാണെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത കാറ്റാടിപ്പാടങ്ങളുടെ ഉടമസ്ഥൻ ആരാണെന്ന് വ്യക്തമാക്കുമോ; ഈ പാടങ്ങൾ സ്ഥാപിച്ച ഏജൻസിയുടെ പേരും ചെലവഴിച്ച തുകയും വ്യക്തമാക്കാമോ;

(സി) ആദിവാസികൾക്ക് നിയമപരമായി അവകാശപ്പെട്ട ഭൂമിയിൽ എത്ര കാറ്റാടിപ്പാടങ്ങളാണ് ഉള്ളത്; ഇവിടെ നിന്നും എത്ര യൂണിറ്റ് വൈദ്യുതി ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ;

(ഡി) ആദിവാസികൾക്ക് അർഹതപ്പെട്ട ഭൂമിയിലെ കാറ്റാടിപാടങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ നിശ്ചിത വിഹിതം ആദിവാസികൾക്ക് ലഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 31 കാറ്റാടിപ്പാടങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 2007-08 കാലയളവ് മുതൽ സ്ഥാപിച്ച കാറ്റാടിപ്പാടങ്ങളിൽനിന്നും 2010-11 വരെ 18.6 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ട്.

(ബി) കാറ്റാടിപ്പാടങ്ങളുടെ ഉടമസ്ഥരെ സംബന്ധിച്ചുള്ള വിവരങ്ങൾ ഇതോടൊപ്പം അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. Suzlon, Sarjan Realities എന്നീ ഏജൻസികളാണ് കാറ്റാടിപ്പാടങ്ങൾ സ്ഥാപിച്ച് ഉടമസ്ഥർക്ക് കൈമാറിയത്. കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കാനുള്ള സാങ്കേതികാനുമതി മാത്രമാണ് അനെർട്ട് നൽകാറുള്ളത്. അതുകൊണ്ട് കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുവാനുള്ള തുക സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കാനുള്ള സാങ്കേതികാനുമതി മാത്രമാണ് അനെർട്ട് വഴി നൽകുന്നത്. കാറ്റാടിപ്പാടങ്ങൾക്ക് സാങ്കേതികാനുമതി നൽകുന്ന വേളയിൽ ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് റവന്യൂ അധികൃതർ നൽകിയ രേഖകളാണ് പരിഗണിക്കുന്നത്. 2014-15 വർഷം ഇവയിൽനിന്നും 40.04 മില്യൻ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചു.

(ഡി) ആദിവാസി ഭൂമിയിലെ കാറ്റാടിപ്പാടങ്ങളിൽനിന്നും ലഭിക്കുന്ന വരുമാനത്തിന്റെ 5% ഭൂവുടമയ്ക്ക് നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് അനുബന്ധം (2) ആയി ചേർത്തിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ പുതിയ ട്രാൻസ്ഫോർമറുകൾ

47(2085) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാസർഗോഡ് ജില്ലയിൽ പുതിയതായി എത്ര ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ട് എന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) വോൾട്ടേജ് ക്ഷാമംമൂലം പ്രയാസപ്പെടുന്ന ഏതെല്ലാം പ്രദേശങ്ങളിൽ ഇനി ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ ബാക്കിയുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) വളരെ അത്യന്താപേക്ഷിതമായിട്ടുള്ള സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ്; മെറ്റീരിയലുകളുടേയും ജീവനക്കാരുടേയും കുറവാണെങ്കിൽ അതേക്കുറിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിശദവിവരം ചുവടെ കൊടുക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly